സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 227 2024 ഡിസംബർ 31 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മിഠായി കഴിച്ച 14 വിദ്യാർഥികൾക്ക് ദേഹാസ്വാസ്ഥ്യം, ആശുപത്രിയിൽ പ്രവേശിപ്പിച്ചു

മേപ്പാടി: വയനാട് മേപ്പാടിയിൽ മിഠായി കഴിച്ചതിന് പിന്നാലെ കുട്ടികൾ ദേഹാസ്വാസ്ഥ്യം. പതിനാല് കുട്ടികളെ മേപ്പാടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മേപ്പാടി മദ്രസ്സയിലെ ഏഴാം ക്ലാസ്സിലെ കുട്ടികൾക്കാണ് മിഠായി കഴിച്ചതിന് ശേഷം ശാരീരികാസ്വസ്ഥതകൾ അനുഭവപ്പെട്ടത്. ക്ലാസ്സിലെ ഒരു കുട്ടിയുടെ ജന്മദിനത്തിന് നൽകിയ മിഠായി കഴിച്ചതിന് ശേഷമായിരുന്നു സംഭവം. സമീപത്തെ കടയിൽ നിന്ന് വാങ്ങിയ എക്ലയേർസ് മിഠായി ആണ് ക്ലാസ്സിൽ വിതരണം ചെയ്തത്. ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ഡോക്ടർമാരും രക്ഷിതാക്കളും വ്യക്തമാക്കി. മിഠായിയുടെ സാമ്പിൾ പരിശോധനയ്ക്കയച്ചു.

'നവയുഗ ധർമ്മത്തെ വിളംബരം ചെയ്ത സന്യാസിവര്യനായിരുന്നു ഗുരുദേവൻ': മുഖ്യമന്ത്രി

ശിവഗിരി: ഒരു നൂറ്റാണ്ട് മുമ്പ് മഹാനായ ശ്രീനാരായണ ഗുരുദേവൻ ഉദ്ബോധിപ്പിച്ച കാര്യങ്ങൾ ഏറെ പ്രസക്തമായി തുടരുന്ന കാലത്താണ് ശിവഗിരി തീർത്ഥാടനം നടക്കുന്നതെന്ന് നാം ഓർക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലോകത്തിന്റെ പലഭാഗങ്ങളിലും മതത്തിന്റെ പേരിലുള്ള ചിന്തകൾ തീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും നിങ്ങുന്നതിന്റെ റിപ്പോർട്ടുകളാണ് നിത്യേന പുറത്തുവരുന്നത്. വംശീയ വേർതിരിവുകളാലും അതിന്റെ അടിസ്ഥാനത്തിലുള്ള സംഘർഷങ്ങളാലും ലോകത്തിന്റെ പലഭാഗങ്ങളിലും

ചോരപ്പുഴകൾ ഒഴുകുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ശിവഗിരി തീർത്ഥാടനത്തിനോട് അനുബന്ധിച്ച് നടന്ന മഹാസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഇന്നത്തെ ഈ പരിപാടിയിൽ വളരെ പ്രധാനപ്പെട്ട സാമൂഹിക ഇടപെടലിന്റെ ഭാഗമായുള്ള ഒരു സന്ദേശം ആദരണീയനായ സച്ചിദാനന്ദ സ്വാമിയിൽ നിന്നും ഉണ്ടായിട്ടുണ്ട്. ആരാധനാലയങ്ങളിൽ ഉടുപ്പൂരിയെ കടക്കാൻ പാടുള്ളൂ എന്ന ഒരു നിബന്ധനക്ക് കാലാനുസൃതമായ മാറ്റം ശ്രീനാരായണഗുരുവിന്റെ സദ് പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ഇവിടെ സമൂഹത്തിന് മുന്നിൽ നിർദേശമായി സച്ചിദാനന്ദ സ്വാമി വച്ചിട്ടുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട ഒരു സാമൂഹിക ഇടപെടലായി മാറാൻ സാധ്യതയുണ്ട്. ഈ വഴിക്ക് നമ്മുടെ പല ആരാധനാലയങ്ങളും നാളെ വരുമെന്ന കാര്യം ഉറപ്പാണ്.

ആരെയും നിർബന്ധിക്കേണ്ടതില്ല. പക്ഷേ നമ്മുടെ നാട്ടിൽ നിലനിന്ന പല ആചാരങ്ങളും കാലാനുസൃതമായി മാറിയിട്ടുണ്ട് എന്നത് വസ്തുതയാണ്. അതിന് ഫലപ്രദമായി നേതൃത്വം കൊടുക്കുന്ന നിലയാണ് ശിവഗിരി മഠത്തിന്റെ ഭാഗമയിട്ട് ഉണ്ടായിട്ടുള്ളത്. ശ്രീനാരായണ ബന്ധമുള്ള ആരാധനാലയങ്ങൾ എല്ലാം ഈ നിലയാണ് സ്വീകരിച്ചു പോവുക എന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശ്രീനാരായണ ബന്ധമുള്ള ആരാധനാലയങ്ങൾ മാത്രമായിരിക്കില്ല, മറ്റ് ആരാധനാലയങ്ങൾ കൂടി ആ മാതൃക പിന്തുടരാൻ ഇടയാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

സനാതന ധർമ്മത്തിന്റെ വക്താവും പ്രയോക്താവുമായി ശ്രീനാരായണ ഗുരുവിനെ സ്ഥാപിക്കാനുള്ള സംഘടിതമായ ശ്രമം ഇപ്പോൾ നടക്കുന്നുണ്ട്. ഈ ശിവഗിരി തീർത്ഥാടന സമ്മേളനത്തിൽത്തന്നെ ഒരു പ്രസംഗകന്റെ ഭാഗത്തു നിന്ന് ഇങ്ങനെയൊരു വാദം ഉയർന്നു കേട്ടു. ഗുരു ശിവഗിരി തീർത്ഥാടനത്തെക്കുറിച്ചു സങ്കൽപ്പിച്ചതുതന്നെ സംവാദങ്ങളുടെ വേദിയായിക്കൂടിയാണ് എന്നതുകൊണ്ട് ആ മിഥ്യാധാരണ തിരുത്തേണ്ടത് ഇവിടെ വെച്ചുതന്നെയാണ് എന്നു കരുതട്ടെ.

ശ്രീനാരായണ ഗുരു സനാതന ധർമ്മത്തിന്റെ വക്താവോ പ്രയോക്താവോ ആയിരുന്നില്ല, മറിച്ച് ആ ധർമ്മത്തെ ഉടച്ചുവാർത്ത് പുതിയ കാലത്തിനായുള്ള ഒരു നവയുഗ ധർമ്മത്തെ വിളംബരം ചെയ്ത സന്യാസിവര്യനായിരുന്നു. സനാതന ധർമ്മം എന്നതുകൊണ്ടു വിവക്ഷിക്കുന്നതെന്താണ്? അത് വർണാശ്രമ ധർമ്മമല്ലാതെ മറ്റൊന്നുമല്ല. ആ വർണാശ്രമ ധർമ്മത്തെ വെല്ലുവിളിച്ചുകൊണ്ടും മറികടന്നുകൊണ്ടും കാലത്തിനൊത്തു നിലനിൽക്കുന്നതാണ് ഗുരുവിന്റെ നവയുഗ മാനവിക ധർമ്മം'– മുഖ്യമന്ത്രി പറഞ്ഞു.

'സാദ്ധ്യമായ എല്ലാ സഹായങ്ങളും ചെയ്യും', നിമിഷപ്രിയയുടെ വധശിക്ഷയിൽ നിലപാട് വ്യക്തമാക്കി കേന്ദ്രം

ന്യൂഡൽഹി: യെമനിലെ ജയിലിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കഴിയുന്ന നിമിഷപ്രിയയുടെ മോചനത്തിന് സാദ്ധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്രം. സാദ്ധ്യമായ എല്ലാ സഹായവും ഉറപ്പുവരുത്തുമെന്നാണ് കേന്ദ്ര വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കിയിരിക്കുന്നത്. കഴിഞ്ഞ ദിവസമാണ് യെമൻ പ്രസിഡന്റ് റാഷദ് മുഹമ്മദ് അൽ അലിമി നിമിഷപ്രിയയുടെ വധശിക്ഷ ശരിവച്ചത്.

വധശിക്ഷ ശരിവച്ചുള്ള യെമന്റെ നടപടി സാങ്കേതികം മാത്രമാണെന്നും നിമിഷപ്രിയയെ മോചിപ്പിക്കാനുള്ള കുടുംബത്തിന്റെ ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് റൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

പ്രസിഡന്റ് അനുമതി നൽകിയതോടെ ഒരു മാസത്തിനകം വധശിക്ഷ നടപ്പാക്കാനാണ് സാദ്ധ്യത. മാപ്പപേക്ഷ, ദയാധനം നൽകി മോചിപ്പിക്കൽ ശ്രമങ്ങൾ നേരത്തെ പരാജയപ്പെട്ടിരുന്നു. യെമൻ തലസ്ഥാനമായ സനായിലെ ജയിലിൽ 2017 മുതൽ കഴിയുകയാണ് പാലക്കാട് ചിറ്റിലഞ്ചേരി സ്വദേശിനി നിമിഷപ്രിയ.

2017ൽ യെമൻ പൗരനായ തലാൽ അബ്ദു മഹ്ദിയെ കൊലപ്പെടുത്തിയ കേസിൽ നിമിഷ പ്രിയയ്ക്ക് വിചാരണ കോടതി വധശിക്ഷ വിധിച്ചിരുന്നു. നിമിഷ പ്രിയയെ രക്ഷിക്കാനുള്ള ഏക മാർഗം തലാലിന്റെ കുടുംബത്തിന് ദയാധനം നൽകുകയായിരുന്നു.

തലാലിന്റെ കുടുംബത്തെ നേരിൽ കണ്ട് മാപ്പപേക്ഷിക്കുന്നതിന് വേണ്ടി നിമിഷ പ്രിയയുടെ അമ്മ പ്രേമകുമാരി യെമനിൽ പോയിരുന്നു. തലാലിന്റെ കുടുംബവുമായും ഗോത്രത്തിന്റെ തലവന്മാരുമായും ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഈ ചർച്ചകൾ വഴിമുട്ടി. പ്രേമകുമാരി ഇപ്പോഴും യെമനിലാണ്.

തൊടുപുഴ സ്വദേശി ടോമി തോമസിന്റെ ഭാര്യയാണു നിമിഷപ്രിയ. നഴ്സായി ജോലി ചെയ്യുന്നതിനിടെ സ്വന്തമായി ക്ലിനിക് തുടങ്ങാൻ സഹായ വാഗ്ദാനവുമായി വന്ന തലാൽ അബ്ദു മഹ്ദി പാസ്പോർട്ട് പിടിച്ചെടുത്തു ക്രൂരമായി പീഡിപ്പിച്ചതിനാലാണ് കൊലപാതകം നടത്തിയതെന്നാണ് നിമിഷ പ്രിയയുടെ വാദം.

പി എ അസീസ് എഞ്ചിനീയറിംഗ് കോളേജിനുള്ളിൽ കത്തിക്കരിഞ്ഞ മൃതദേഹം, ഉടമയുടേതെന്ന് സംശയം

തിരു : പി എ അസീസ് എഞ്ചിനീയറിംഗ് കോളേജിനുള്ളിൽ കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം. കോളേജ് വളപ്പിലെ പണിതീരാത്ത കെട്ടിടത്തിനുള്ളിലാണ് ഇന്നുരാവിലെ മൃതദേഹം കണ്ടെത്തിയത്. കോളേജ് ഉടമ മുഹമ്മദ് അബ്ദുൾ അസീസ് താഹയുടേതാണ് മൃതദേഹമെന്നാണ് വിവരം.

കെട്ടിടത്തിലെ ഹാളിലാണ് കത്തിക്കരിഞ്ഞ നിലയിൽ പുരുഷന്റെ മൃതദേഹം കണ്ടെത്തിയത്. താഹയുടെ കാർ പുറത്ത് പാർക്ക് ചെയ്തിട്ടുണ്ട്. മൊബൈൽ ഫോണും സമീപത്തുനിന്ന് കണ്ടെത്തി. ഇന്നലെ രാത്രിയാണ് സംഭവം നടന്നതെന്നാണ് സൂചന. താഹയ്ക്ക് കടബാദ്ധ്യതയുള്ളതായി വിവരമുണ്ട്. കടം നൽകിയ പണം തിരികെ ആവശ്യപ്പെട്ട് ചിലർ വീട്ടിലെത്തി ബഹളം ഉണ്ടാക്കിയതായി സമീപവാസികൾ പറഞ്ഞു. പൊലീസും ഫോറൻസിക് വിഭാഗവും സ്ഥലത്തെത്തി പരിശോധന തുടരുകയാണ്.

മകൻ പറഞ്ഞതിനോട് പ്രതികരിച്ചു, ചിരിച്ചു; ഉമാ തോമസിന്റെ ആരോഗ്യനില ആശ്വാസകരം

കൊച്ചി : കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ വേദിയിൽനിന്നു വീണ് ഗുരുതരമായി പരിക്കേറ്റ ഉമാ തോമസ് എം. എൽ.എ.യുടെ ആരോഗ്യനിലയിൽ വലിയ പുരോഗതിയുള്ളതായി മെഡിക്കൽ ബുള്ളറ്റിൻ. മകൻ വിഷ്ണുവിന്റെ നിർദേശങ്ങളോട് എം.എൽ.എ പ്രതികരിച്ചുവെന്നും ആശ്വാസാവഹമായ പുരോഗതി ഉള്ളതായും മെഡിക്കൽ ഡയറക്ടർ ഡോ. കൃഷ്ണനുണ്ണി പോളക്കുളത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

നിലവിൽ വെന്റിലേറ്ററിലും ഗുരുതരാവസ്ഥയിലുമാണ്. വെന്റിലേറ്ററിൽ നിന്ന് മാറ്റി 24 മണിക്കൂർ കഴിഞ്ഞാലേ അപകടാവസ്ഥ തരണം ചെയ്തതായി പറയാൻ സാധിക്കൂ എന്നും ഡോക്ടർ വ്യക്തമാക്കി.

'ആറു മണിയോടെ സെഡേഷൻ മരുന്നിന്റെ ഡോസ് കുറച്ചു. ഏഴുമണിയോടെ മകൻ വിഷ്ണു എം.എൽ.എയെ അകത്തു കയറി കണ്ടു. ചോദിക്കുന്നതിനോടെല്ലാം ഉമ തോമസ് പ്രതികരിക്കുന്നുണ്ടായിരുന്നു. കാലുകൾ അനക്കാൻ പറഞ്ഞപ്പോൾ അനക്കി. ചിരിച്ചു, കണ്ണുതുറന്നു. മകൻ വിഷ്ണു ചോദിക്കുന്നതിനോടെല്ലാം പ്രതികരിച്ചു. വായിൽ ട്യൂബ് ഉള്ളതിനാൽ സംസാരിക്കാനാവില്ല. കയ്യിൽ മുറുകെ പിടിക്കാൻ പറഞ്ഞപ്പോൾ ചെയ്തു. ഇതിൽ നിന്ന് തലച്ചോറിനുണ്ടായ ക്ഷതം സാരമായി ബാധിച്ചിട്ടില്ല എന്ന് ആശ്വസിക്കാം.

ശ്വാസകോശത്തിന്റെ എക്സ്റേയിൽ ഇന്നലത്തെ അപേക്ഷിച്ച് ഇന്ന് നേരിയ മാറ്റമുണ്ട്. ഇന്നും ബ്രോങ്കോസ്കോപ് ചെയ്യണമെന്ന് കരുതിയതാണ്. പക്ഷേ, ഇന്നത്തെ എക്സ്റേ കണ്ടപ്പോൾ അത് ചെയ്യണ്ട എന്ന് തീരുമാനിച്ചു. ഇന്നലെ ബ്രോങ്കോസ്കോപ് ചെയ്ത് ശ്വാസകോശത്തിൽ കെട്ടിക്കിടന്ന രക്തം മാറ്റിയിരുന്നു. ഇനിയും രക്തം കട്ടപിടിച്ച് കിടക്കുന്നുണ്ട്. അത് ആന്റിബയോട്ടിക് മരുന്നുകളിലൂടെ മാത്രമേ മാറ്റാൻ സാധിക്കൂ. അതിന് കുറച്ച് സമയമെടുക്കും.

ഇപ്പോഴും പൂർണമായും ബോധം വന്നിട്ടില്ല. പറയുമ്പോൾ മാത്രമാണ് കണ്ണ് തുറക്കുന്നത്. ഇൻഫെക്ഷൻ ഉള്ളതിനാൽ ന്യൂമോണിയ വരാനുള്ള സാദ്ധ്യത കൂടുതലാണ്. അത് തടയുന്നതിനുള്ള ആന്റിബയോട്ടിക് മരുന്നുകൾ നൽകുന്നുണ്ട്.

വിഷ്ണു പറയുന്നതിനോട് അവർ പ്രതികരിച്ചു. കണ്ണു തുറന്നു, കൈകാലുകൾ അനക്കി, ചിരിച്ചു, ഇതെല്ലാം തലച്ചോറിലുണ്ടായ ക്ഷതങ്ങളിൽ പുരോഗതിയുണ്ടെന്നുള്ളതാണ് വ്യക്തമാക്കുന്നത്.അത് ആശ്വാസാവഹമാണ്. ശ്വാസകോശത്തിന്റെ എക്സ്റേയിലും നേരിയ പുരോഗതിയുണ്ട്. അതും ആശ്വാസാവഹമാണ്.

എങ്കിലും ശ്വാസകോശത്തിലുള്ള ചതവുണ്ട് ശ്വാസകോശത്തിൽ രക്തം പോയിട്ടുണ്ട്. അതുകൊണ്ട് തന്നെ അണുബാധ ഒഴിവാക്കാനുള്ള ചികിത്സ തുടരുകയാണ്. നിലവിൽ വെന്റിലേറ്ററിൽ തന്നെയാണ്, ഗുരുതരാവസ്ഥയിൽ തന്നെയാണ്. വെന്റിലേറ്റിൽ നിന്ന് മാറ്റി 24 മണിക്കൂർ കഴിഞ്ഞാലേ അപകടാവസ്ഥ തരണം ചെയ്തതായി പറയാൻ സാധിക്കൂ.' ഡോക്ടർ വ്യക്തമാക്കി.

'അദ്ദേഹത്തിന് മാനസികപ്രശ്നമുണ്ടായിരുന്നോ എന്ന് പരിശോധിക്കണം' സാബുവിന്റെ ആത്മഹത്യയിൽ എം.എം മണി

ഇടുക്കി: കട്ടപ്പന റൂറൽ ഡിവലപ്മെന്റ് സൊസൈറ്റിയുടെ മുന്നിൽ ആത്മഹത്യചെയ്ത നിക്ഷേപകൻ സാബുവിനെ അധിക്ഷേപിച്ച് എം.എം.മണി. സാബുവിന്റെ ആത്മഹത്യ സിപിഎമ്മിന്റെ തലയിൽ വെയ്ക്കേണ്ടെന്നും അദ്ദേഹത്തിന് വല്ല മാനസിക പ്രശ്നവുമുണ്ടായിരുന്നോ എന്ന കാര്യം പരിശോധിക്കണമെന്നും എം.എം മണി പറഞ്ഞു. കട്ടപ്പനയിൽ സംഘടിപ്പിച്ച നയവിശദീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു എം.എം മണി. 'വഴിയേ പോയ വയ്യാവേലി ഞങ്ങളുടെ തലയിൽ കെട്ടിവെയ്ക്കാൻ ഒരുത്തനും ശ്രമിക്കേണ്ട. സാബുവിന്റെ മരണത്തിൽ ഞങ്ങൾക്ക് ഖേദമുണ്ട്. അദ്ദേഹം ആത്മഹത്യ ചെയ്യേണ്ട ഒരു സാഹചര്യവും ബാങ്ക് ഭരണസമിതിയുടെ പദ്ധതനത്തിൽ നിന്നോ പ്രസിഡന്റ് വി.ആർ.സജിയുടെയോ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. സിപിഎമ്മിനോ എൽഡിഎഫിനോ സാബുവിന്റെ ആത്മഹത്യയിൽ പങ്കില്ല. ബി.ജെ.പി.യും കോൺഗ്രസും ഞങ്ങളെ മെക്കിട്ട് കേറാൻ വരേണ്ട. ഇനിയും ആ കുടുംബത്തിന് സഹായങ്ങൾ ചെയ്യാൻ ബാങ്കും സിപിഎമ്മും സന്നദ്ധമാണ്. അതുകൊണ്ട് ഈ പാപം ഞങ്ങളുടെ തലയിൽ കെട്ടിവെയ്ക്കണ്ട. അദ്ദേഹത്തിന് വല്ല മാനസികപ്രശ്നവുമുണ്ടോ, അതിന് വല്ല ചികിത്സയും നടത്തിയിട്ടുണ്ടോ എന്നെല്ലാം പരിശോധിക്കപ്പെടണം' – എം.എം മണി പറഞ്ഞു.

ഡിസംബർ 20–നായിരുന്നു കട്ടപ്പന മുളങ്ങാശേരിൽ സാബു തോമസ് കട്ടപ്പന റൂറൽ ഡിവലപ്മെന്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുന്നിൽ തൂങ്ങിമരിച്ചത്. ഭാര്യയുടെ ചികിത്സയ്ക്ക് പണം നൽകാത്ത ബാങ്ക് ജീവനക്കാരാണ് മരണത്തിന് പിന്നിലെന്ന് സാബുവിന്റെ കുറിപ്പും കണ്ടെടുത്തിരുന്നു.

ജീവനൊടുക്കിയ സാബു തോമസിന്റെ മാതാവ് അന്തരിച്ചു; നിക്ഷേപത്തുക തിരികെ നൽകി ബാങ്ക്

തൊടുപുഴ: കട്ടപ്പനയിൽ സഹകരണ സൊസൈറ്റിക്കു മുൻപിൽ ആത്മഹത്യ ചെയ്ത നിക്ഷേപകൻ സാബു തോമസിന്റെ മാതാവ് അന്തരിച്ചു. കട്ടപ്പന പള്ളിക്കല മുളങ്ങാശേരിൽ ത്രേസ്യാമ്മ(90) ആണ് മരിച്ചത്. ഒന്നര വർഷമായി സ്ട്രോക്ക് വന്നു കിടപ്പിലായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളാണ് മരണകാരണം. സംസ്കാരം ഇന്നു വൈകിട്ട് 4ന് സെന്റ് ജോർജ് പള്ളിയിൽ.

അമ്മയുടെയും ഭാര്യയുടെയും ചികിത്സാ ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നു നിക്ഷേപിച്ച പണം തിരികെ ചോദിച്ച് സാബു ബാങ്കിനെ സമീപിച്ചത്. അതേസമയം, നിക്ഷേപത്തുകയായ 15 ലക്ഷം (14,59,940 രൂപ) ബാങ്ക് തിരികെ നൽകി.

സ്വാധീനമുറപ്പിക്കാൻ കഴിയാത്തിടത്ത് വിദ്വേഷപ്രചാരണം നടത്തി ഒറ്റപ്പെടുത്താൻ ശ്രമം; മിനി പാകിസ്ഥാൻ പരാമർശത്തിൽ മുഖ്യമന്ത്രി

തിരു: കേരളത്തെ മിനി പാകിസ്ഥാനെന്ന് ആക്ഷേപിച്ച മഹാരാഷ്ട്രയിലെ ബിജെപി മന്ത്രി നിതേഷ് റാണയുടെ പ്രസ്താവന പ്രകോപനപരവും അപലപനീയവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംഘപരിവാറിന് കേരളത്തോടുള്ള അടിസ്ഥാന സമീപനമാണ് മഹാരാഷ്ട്ര മന്ത്രിയുടെ വാക്കുകളിൽ വെളിവാക്കപ്പെടുന്നതെന്നും മുഖ്യമന്ത്രി വിമർശിച്ചു.

'തങ്ങൾക്ക് സ്വാധീനമുറപ്പിക്കാൻ പ്രയാസമുള്ള ഭൂപ്രദേശത്തെ അപരവൽക്കരിച്ചും വിദ്വേഷ പ്രചാരണങ്ങൾ നടത്തിയും ഒറ്റപ്പെടുത്തിക്കളയാമെന്നാണ് സംഘപരിവാർ കരുതുന്നത്. അതിനെ പിൻപറ്റിയാണ് ഇത്തരം പ്രസ്താവനകൾ വരുന്നത്.

വിദ്വേഷ പ്രസ്താവന നടത്തിയ മന്ത്രി ആ സ്ഥാനത്തു തുടരാൻ അർഹനല്ല. രാജ്യത്തിന്റെ ഭരണഘടനയെ അവഹേളിക്കുംവിധം ഗുരുതരമായ സത്യപ്രതിജ്ഞാലംഘനം നടത്തിയ മന്ത്രിയുടെ നടപടിയോട് രാജ്യം ഭരിക്കുന്ന പാർടിയുടെ നേതൃത്വം പ്രതികരിക്കാത്തത് ആശ്ചര്യകരമാണ്'– മുഖ്യമന്ത്രി പറഞ്ഞു.

കോൺഗ്രസ് നേതാക്കളായ രാഹുലും പ്രിയങ്കയും ജയിക്കാൻ കാരണം 'കേരളം മിനി പാകിസ്ഥാൻ' ആയതുകൊണ്ടാണ് എന്നായിരുന്നു മന്ത്രി നിതേഷ് റാണയുടെ വിവാദ പ്രസ്താവന. ഇരുവരും തിരഞ്ഞെടുപ്പിൽ ജയിച്ചത് ഭീകര സംഘടനകളുടെ പിന്തുണ കൊണ്ടാണെന്നും മന്ത്രി പൂനെയിൽ ഒരു ചടങ്ങിൽ ആരോപിച്ചിരുന്നു.

പ്രസ്താവന വിവാദമായതോടെ മതപരിവർത്തനം, ലൗ ജിഹാദ് തുടങ്ങിയ വിഷയങ്ങളുടെ പശ്ചാത്തലത്തിലാണ് പറഞ്ഞതെന്നും കേരളം ഇന്ത്യയുടെ ഭാഗമാണെന്നും മന്ത്രി വിശദീകരണമായും രംഗത്തെത്തിയിരുന്നു. കേരളത്തിൽ ഹിന്ദുക്കളുടെ സംഖ്യ കുറയുന്നത് ആശങ്കാജനകമാണ്. ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യുന്നത് ദൈനംദിന കാര്യമായിരിക്കുന്നു.

പാകിസ്ഥാനിൽ ഹിന്ദുക്കളോട് പെരുമാറുന്ന രീതി ഇവിടെ ഉണ്ടായാലുള്ള ആശങ്കയാണ് പ്രകടിപ്പിച്ചതെന്നും മന്ത്രി വിശദീകരിച്ചിരുന്നു.

ദിവ്യ ഉണ്ണിയുടെയും സിജോയ് വർഗീസിന്റെയും മൊഴിയെടുക്കും

കൊച്ചി: സ്റ്റേജിൽ നിന്ന് വീണ് ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവത്തിൽ നടി ദിവ്യ ഉണ്ണിയെയും സിജോയ് വർഗീസിനെയും മൊഴിയെടുക്കാനായി വിളിപ്പിക്കും. പരിപാടിയുടെ മുഖ്യവിവരങ്ങൾ ഇവരിൽ നിന്ന് തേടും. പരിപാടിയുമായി ബന്ധപ്പെട്ട് കൂടുതൽ ആളുകളെ ചോദ്യം ചെയ്ത് വിവരം ശേഖരിക്കുകയാണ് അന്വേഷണ സംഘം. ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിലായിരുന്നു ഗിന്നസ് റെക്കോഡിനായുള്ള നൃത്ത പരിപാടി കലൂരിൽ നടന്നത്.

ദിവ്യ ഉണ്ണിയെ വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്താനാണ് അന്വേഷണ സംഘത്തിന്റെ ഉദ്ദേശം. നൃത്ത പരിപാടിയുടെ സംഘാടന ചുമതലയുണ്ടായിരുന്ന വ്യക്തിയാണ് സിജോയ് വർഗീസ്. സംഭവവുമായി ബന്ധപ്പെട്ട് നിരവധി പേരോട് സ്റ്റേഷനിൽ ഹാജരാകാൻ പൊലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്ന് പേരാണ് ഇതുവരെ സംഭവത്തിൽ അറസ്റ്റിലായത്. ഇവരെ ചോദ്യം ചെയ്യുന്നത് തുടരുകയാണ്. 2പേർ മുൻകൂർ ജാമ്യാപേക്ഷയുമായി ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

ഒരു മന്ത്രിയും എംഎൽഎയുമടക്കം വിഐപികളും 15000ലേറെ പേരും പങ്കെടുക്കുകയും ചെയ്ത മെഗാ നൃത്ത സന്ധ്യ കലൂർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചത് പല അനുമതികളുമില്ലാതെയാണ്. ഇരുനൂറിലേറെപ്പേർ പങ്കെടുക്കുന്ന പൊതുപരിപാടിക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അടക്കം സമ്മതപത്രം വേണമെന്നിരിക്കെയാണിത്. സ്റ്റേജ് നിർമ്മിച്ചത് മുതൽ പരിപാടിയുടെ പൂർണചിത്രം പോലും സംഘാടകർ മറച്ചുവച്ചു.

പരിപാടിക്കായി സ്റ്റേഡിയം വിട്ടുനൽകിയെങ്കിലും സംഘാടകർ താത്കാലിക നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ ഇതിനെല്ലാം ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയുണ്ടോ തുടങ്ങിയ കാര്യങ്ങൾ സ്റ്റേഡിയത്തിന്റെ ചുമതലക്കാരായ ജിസിഡിഎ പരിശോധിച്ചില്ല. സ്റ്റേഡിയത്തിൽ താത്കാലിക സ്റ്റേജ് നിർമ്മിക്കാൻ അനുമതി നൽകിയിരുന്നില്ല. എല്ലാ സുരക്ഷാകാര്യങ്ങളും ചെയ്യണമെന്ന് കരാറിൽ ഉണ്ടായിരുന്നെങ്കിലും പലതും ലംഘിക്കപ്പെട്ടു.

പ്രായപൂർത്തിയാകാത്ത വിദ്യാർഥി ഓടിച്ച ബൈക്ക് ഇടിച്ച് അപകടം

കൊല്ലം : അഞ്ചലിൽ പ്രായപൂർത്തിയാകാത്ത വിദ്യാർഥി ബൈക്ക് ഓടിച്ച് കാറിലിടിച്ച് അപകടമുണ്ടാക്കിയിട്ടും കേസെടുക്കാതെ പൊലീസ്. കഴിഞ്ഞ ഫെബ്രുവരി 21നുണ്ടായ അപകടത്തിൽ പതിനൊന്നു മാസമായിട്ടും കേസെടുത്തില്ല. മൂന്നു വിദ്യാർഥകൾ സഞ്ചരിച്ച ബൈക്ക് കാറിലേക്ക് പാഞ്ഞുകയറിയായിരുന്നു അപകടം.കഴിഞ്ഞ ഫെബ്രുവരി 21 ന് അഞ്ചൽ ഒറ്റത്തെങ്ങിലായിരുന്നു അപകടം. പ്രായപൂർത്തിയാകാത്ത 3 വിദ്യാർഥികൾ സഞ്ചരിച്ച ബൈക്ക് കാറിലേക്ക് പാഞ്ഞുകയറി. കരുകോൺ സ്വദേശി സുശീല വാസുവിൻറേതായിരുന്നു കാർ.

പായപൂർത്തിയാകാത്തയാൾ വാഹനം ഓടിച്ച് അപകടമുണ്ടാക്കിയതിന് പൊലീസ് കേസെടുക്കേണ്ടതാണെങ്കിലും അന്ന് സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തി വാഹനം വിട്ടുനൽകിയെന്നാണ് ആക്ഷേപം.

പ്രണയം നിരസിച്ചതിന് വിദ്യാർഥിനിയെ തീവണ്ടിക്കു മുന്നിൽ തള്ളിയിട്ടുകൊന്ന കേസ്: പ്രതിക്ക് വധശിക്ഷ

ചെന്നൈ: പ്രണയാഭ്യർഥന നിരസിച്ചതിനാൽ വിദ്യാർഥിനിയെ സ്റ്റേഷനിൽവെച്ച് തീവണ്ടിക്കുമുന്നിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് വധശിക്ഷ വിധിച്ചു. 2022–ൽ ബി.കോം മൂന്നാംവർഷ വിദ്യാർഥിനിയായിരുന്ന സത്യയെ സെയ്ന്റ് തോമസ് റെയിൽവേ സ്റ്റേഷനിൽവെച്ച് തീവണ്ടിക്കുമുന്നിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തിയ കേസിലെ പ്രതി സതീഷിനാണ്(25) പ്രത്യേക വനിതാ കോടതി ജഡ്ജി ജെ. ശ്രീദേവി വധശിക്ഷ വിധിച്ചത്. 2022 ഒക്ടോബർ 13–നായിരുന്നു സംഭവം.

സി.ബി.സി.ഐ.ഡി. സമർപ്പിച്ച കുറ്റപത്രത്തിൽ സതീഷ് കുറ്റവാളിയാണെന്ന് വ്യക്തമാക്കിയിരുന്നു. പ്രതി 3വർഷത്തെ കഠിന തടവ് അനുഭവിക്കണം. 35,000 രൂപ പിഴയും വിധിച്ചിട്ടുണ്ട്. പ്രണയാഭ്യർഥന നിരസിച്ചതിനാലാണ് സത്യയെ സതീഷ് തീവണ്ടിക്കു മുന്നിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തിയതെന്ന് കോടതി വിധിയിൽ വ്യക്തമാക്കി.

ഇരയുടെ ഇളയ സഹോദരിമാർക്ക് 10 ലക്ഷം രൂപ നഷ്ട പരിഹാരം നൽകാനും കോടതി ഉത്തര

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വർണ്ണക്കുട മഹോത്സവത്തിന് കൊടിയിറങ്ങി

ഇരിങ്ങാലക്കുട: ഡിസംബർ 21 മുതൽ 29 വരെ നീണ്ടു നിന്ന ഇരിങ്ങാലക്കുടയുടെ നാട്ടുത്സവമായ വർണ്ണക്കുടയുടെ സമാപനദിനമായ സാംസ്കാരിക സമ്മേളനം ജയരാജ് വാരിയർ ഉദ്ഘാടനം നിർവ്വഹിച്ചു. വർണ്ണക്കുട സ്വാഗതസംഘം ചെയർപേഴ്സനും ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു അദ്ധ്യക്ഷത വഹിച്ചു.

ജില്ല പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്.പ്രിൻസ് മുഖ്യാതിഥിയായിരുന്നു. സമ്മേളനത്തിൽ അയ്യപ്പകുട്ടി ഉഭിമാനം, പല്ലൊട്ടി ടീം,ജിതിൻ രാജ്, മാസ്റ്റർ ഡാവിഞ്ചി സന്തോഷ്, ദീപക് വാസൻ, ഷാരോൺ ശ്രീനിവാസ്, കരിങ്കാളി ടീം, കണ്ണൻ മംഗലത്ത്, ഷൈജു അവറാൻ,സജു ചന്ദ്രൻ, സാവിത്രി അന്തർജനം, വൈഗ.കെ.സജീവ്,സാന്ദ്ര പിഷാരടി എന്നിവരെ ആദരിച്ചു. വർണ്ണകുടയുമായി സഹകരിച്ച വിവിധ നൃത്താധ്യപകരെ സമ്മേളനത്തിൽ ആദരിക്കുകയുണ്ടായി.

ജില്ലാ പഞ്ചായത്തംഗങ്ങൾ, മണ്ഡലത്തിലെ വിവിധ ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, പഞ്ചായത്ത് പ്രസിഡണ്ടുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, അംഗങ്ങൾ വിവിധ സഹകരണ ബാങ്ക് പ്രസിഡണ്ടുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൻ മേരിക്കുട്ടി ജോയ് സ്വാഗതവും സ്റ്റേജ് കമ്മിറ്റി ചെയർമാൻ അഡ്വ.കെ.ആർ.വിജയനന്ദിയും പറഞ്ഞു.

കുന്നംകുളം ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ 49 -ാമത് കൺവെൻഷൻ 2025 ജനുവരി 2, 3, 4, 5 തീയതികളിൽ

കുന്നംകുളം : ഐപിസി കുന്നംകുളം സെന്റർ 49 -ാമത് കൺവെൻഷൻ 2025 ജനുവരി 2 മുതൽ 5 വരെ പോർക്കുളം ഐ പി സി രഹബോത്ത് നഗർ (പോർക്കുളം സ്കൂളിന് എതിർവശം) ഗ്രൗണ്ടിൽ നടക്കും. രണ്ടാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് ഐ പിസി കുന്നംകുളം സെന്റർ മിനിസ്റ്റർ പാസ്റ്റർ. സാം വർഗീസ് ഉദ്ഘാടനം നിർവഹിക്കും . എല്ലാ ദിവസവും 6 മണി മുതൽ 9 മണി വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ റെജി ശാസ്താംകോട്ട, പാസ്റ്റർ. ജോ തോമസ് ബാംഗ്ലൂർ, പാസ്റ്റർ ജെയിംസ് ജോർജ് പത്തനാപുരം, പാസ്റ്റർ എം.ജെ ഡേവിഡ് ബഹറിൻ എന്നിവർ വചന ശുശ്രൂഷ നടത്തും. പകൽ യോഗങ്ങൾ ഐപിസി പോർക്കുളം രഹബോത്ത് ഹാളിൽ നടക്കും. സഹോദരി സമാജസമ്മേളനം, ഇവാഞ്ചലിസം ബോർഡ് സമ്മേളനം, പാസ്റ്റേഴ്സ് മീറ്റിംഗ് അഞ്ചാം തീയതി ഞായറാഴ്ച കാലത്ത് 9 മണി മുതൽ സെന്ററിലെ സഭകളിലെ സംയുക്ത സഭാ യോഗവും കർത്തൃമേശയും ഉണ്ടായിരിക്കും.

ഉച്ച കഴിഞ്ഞ് 2. 30 മുതൽ സൺഡേ സ്കൂൾ വാർഷിക യോഗവും നടക്കും. സെന്റർ വോയിസ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകുമെന്ന് പത്ര സമ്മേളനത്തിൽ ഭാരവാഹികൾ അറിയിച്ചു.

ഇരിങ്ങാലക്കുട : മുകുന്ദപുരം താലൂക്ക് എൻ എസ് എസ് യൂണിയൻ പ്രതിഭാസംഗമം

തൃശൂർ: എൻ എസ് എസ് മുകുന്ദപുരം താലൂക്ക് യൂണിയൻ തൃക്കൂർ, കല്ലൂർ, പുതുക്കാട്, ആമ്പല്ലൂർ മേഖലകളിലെ കരയോഗങ്ങളിൽ നിന്നും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെയും അനുമോദിയ്ക്കുന്നതിനായി സംഘടിപ്പിച്ച പ്രതിഭാസംഗമം താലൂക്ക് യൂണിയൻ ചെയർമാൻ അഡ്വക്കറ്റ് ഡി ശങ്കരൻകുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. താലൂക്ക് യൂണിയൻ പഞ്ചായത്ത് കമ്മറ്റി പ്രസിഡന്റ് സന്ദീപ് കണിയത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ സെക്രട്ടറി എസ് കൃഷ്ണകുമാർ, സ്വാഗതവും കലാസാഗരൻ നന്ദിയും പറഞ്ഞു.ജയശ്രീ അജയ്, ചന്ദ്രിക സുരേഷ്, രാജലക്ഷ്മി,എസ് ഹരീഷ്കുമാർ, സി ബി രാജൻ, ആർ ബാലകൃഷ്ണൻ, നന്ദൻ പറമ്പത്ത്, പി.ആർ അജിത്ത്കുമാർ, തുഷാര ജയകുമാർ, സി മുരളി, ബി രതീഷ്, മാസ്റ്റർ അർജ്ജുൻ രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

വാർത്താച്ചുരുക്കം

* ക്രിസ്മസ് ആഘോഷങ്ങൾക്ക് സമാപനമായും, നവവത്സരത്തെ വരവേറ്റും - തൃശൂരിൽ പതിനായിരം പാപ്പമാർ നിരന്ന ബോൺനത്താല വർണശബളമായി. തൃശൂർ അതിരൂപതയും പൗരാവലി കമ്മറ്റിയും സംയുക്ത മായാണ് പരിപാടി ഒരുക്കിയത്.
* തൃശൂർ എഴുത്തച്ഛൻ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ സ്കോളർഷിപ്പ് വിതരണം നടന്നു. ആദരണീയം ഉൾപ്പെടെയുള്ള പരിപാടികളും ഉണ്ടായി.
* കോൾ കർഷകർ നേരിടുന്ന വിവിധ ആവശ്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘം കളക്ടറേറ്റിനു മുമ്പിൽ ധർണ നടത്തി.
* ചൊവ്വല്ലൂർ ശിവക്ഷേത്രത്തിലെ തിരുവാതിര മഹോത്സവം ജനുവരി 2 മുതൽ 13 വരെ പരിപാടികളോടെ കൊണ്ടാടും.
* സാധാരണ രീതിയിൽ ബസ് അപകടം ഉണ്ടായാൽ പോലും പെർമിറ്റ് റദ്ദാക്കുമെന്ന ഗതാഗത മന്ത്രിയുടെ പ്രസ്താവന പിൻവലിക്കണമെന്ന് തൃശ്ശൂർ ജില്ല പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴസ് അസോസിയേഷൻ ആവശ്യപ്പെടുന്നു.
* മുൻ യു.എൻ. സെക്രട്ടറിയുടെ അമ്പതാം ചരമ വാർഷികം തൃശൂരിൽ ആചരിച്ചു. കണിമംഗലം ശ്രീ നാരായണ സാഹിത്യ പരിഷത്തിന്റെ നേതൃത്വ ത്തിലായിന്നു പരിപാടി. തൃശൂരിൽ സർവോദയ സുഹൃദ് സംഗമം - പുസ്തക പ്രകാശനം, തുടങ്ങിയ പരിപാടികളും ഉണ്ടായി.
* തൃശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ പൂർവ വിദ്യാർത്ഥി ആഗോള സംഗമം നടന്നു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗമായിരുന്നു സംഘാടകർ. പ്രമുഖ എഞ്ചിനീയർമാർ പങ്കെടുത്തു. മികച്ച പ്രഭാഷണങ്ങൾ, ആദരണീയം പരിപാടികളും ഉണ്ടായി.
* സംഗീതജ്ഞൻ പരമൻ അന്നമനട ഫൗണ്ടേഷന്റെ സർഗ പ്രതിഭാ പുരസ്കാര സമർപ്പണ സമ്മേളനം ജനുവരി 26 ന് നടക്കും. മുനോടിയായി അഖിലകേരള ചലച്ചിത്ര ഗാനാലാപന മത്സരം ജനുവരി 11 ന് നടക്കും
* വേൾഡ് ഫെഡറേഷൻ ഓഫ് ഷോട്ടോക്കാൻ കരാട്ടെയുടെ ബ്ലാക്ക്ബെൽറ്റ് സമർപ്പണ പ്രോഗ്രാം വിപുലമായി നടന്നു. ചിറ്റിലപ്പിള്ളി ഐ.ഇ. എ സിലായിരുന്നു പരിപാടി.
* തൃശൂർ മെഡിക്കൽ കോളേജിനോട് സർക്കാർ വിവേചനം കാട്ടുകയാണെന്ന് , കെ.പി.സി.സി. സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത് ആരോപിച്ചു. ശക്തമായ സമരം നടത്തുമെന്ന് മുന്നറിയിപ്പ് നൽകി.
* ജനുവരി 10 മുതൽ 12 വരെ തൃശൂർ തെക്കെ മംത്തിൽ സുമംഗലേഷ്ടി - യജ്ഞം വിപുലമായി നടക്കും ലോക രക്ഷയ്ക്കായാണ് യജ്ഞം നടത്തുന്നത്

ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർവൈസർ നിയമനം

തൃശൂർ: മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ റെയിൽവേ ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർവൈസർ തസ്തികയിൽ നിയമനം നടത്തുന്നു. യോഗ്യത സോഷ്യൽ വർക്കിൽ ബിരുദം/കംപ്യൂട്ടർ സയൻസ്/ഇൻഫർമേഷൻ ടെക്നോളജി/സോഷ്യൽ സയൻസ്. പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. പ്രായപരിധി 50 വയസ്സ്. വാക്ക് ഇൻ ഇന്റവ്യൂ ജനുവരി 15 ന് രാവിലെ 10 ന് സിവിൽ സ്റ്റേഷനിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നടക്കും. ഉദ്യോഗാർത്ഥികൾ രാവിലെ 10 നകം യോഗ്യതയും പ്രവർത്തിപരിചയം തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം ഓഫീസിൽ എത്തിച്ചേരണം. വൈകി വരുന്ന ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിൽ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായി ഇ-മെയിൽ: dcputsr@gmail.com, ഫോൺ: 0487 2364445.

എം.ടി മലയാള സാഹിത്യചരിത്രത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരൻ: മന്ത്രി ആർ. ബിന്ദു

തൃശൂർ: മലയാള സാഹിത്യ ചരിത്രത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായരെന്ന് ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പു മന്ത്രി ആർ. ബിന്ദു അഭിപ്രായപ്പെട്ടു. കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച എം.ടി. വാസുദേവൻ നായർ അനുസ്മരണപരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. സമാനതകളില്ലാത്ത ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. സിനിമയിലായാലും ഏറ്റവും വ്യത്യസ്തമായ ആശയങ്ങൾ കൈയടക്കത്തോടെ ഫലിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ധാരാളം മാസ്റ്റർപീസുകൾ അദ്ദേഹം മലയാള സിനിമയ്ക്ക് സംഭാവന ചെയ്തു. മികവുറ്റ നേതൃത്വമാണ് തുഞ്ചൻ പറമ്പ് സ്മാരകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എം.ടി. നൽകിവന്നിരുന്നത്. കേരളത്തിലെ സാംസ്കാരികസ്ഥാപനങ്ങൾക്ക് ആവേശം പകരുന്ന സാന്നിദ്ധ്യമായിരുന്നു അദ്ദേഹമെന്നും മന്ത്രി പറഞ്ഞു.

എം.ടി. കരുതലും കരുണയും സ്നേഹവുമാണെന്ന് കഥാകൃത്തും സാഹിത്യ അക്കാദമി മുൻ പ്രസിഡൻറുമായ വൈശാഖൻ അഭിപ്രായപ്പെട്ടു. പാവപ്പെട്ടവർക്കുവേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ സാമൂഹ്യപ്രതിബദ്ധത എടുത്തുപറയേണ്ടതാണ്. മരണംകൊണ്ട് ഒരു ജീവിതം അവസാനിക്കുന്നില്ലെന്നും മലയാളമുള്ളിടത്തോളം എം.ടി. മലയാളികളുടെ മനസ്സിൽ ജീവനോടെ നിലനിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

കലാസദൻ 52-ാം വാർഷികം ആഘോഷിച്ചു

തൃശൂർ : പ്രമുഖ കലാ സാംസ്കാരിക സംഘടനയായ കലാ സദന്റെ 52-ാം സ്ഥാപിത ദിനാഘോഷം ഡോ. ജോർജ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. 'കലാ- സാഹിത്യരംഗത്തെ വിവിധ പ്രവർത്തനങ്ങൾക്കൊപ്പം വർഷം തോറും വിപുലമായ രീതിയിൽ ഒരു ചരിത്ര-കലാ-സംസ്കാരിക എക്സിബിഷൻ സംഘടിപ്പിക്കണമെന്നും യുവാക്കളെ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാൻ സോഷ്യൽ മീഡിയ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു' പ്രസിഡണ്ട് ബാബു ജെ.കവലക്കാട്ട് അധ്യക്ഷതവഹിച്ചു. സെക്രട്ടറി ഫാ. ജിയോ തെക്കിനിയത്ത്, ഡോ. ഇഗ്നേഷ്യസ് ആന്റണി, അലക് സാണ്ടർ സാം, ഓമന മൂക്കൻ, ഫാ. അജിത് ചിറ്റിലപ്പിള്ളി, ബേബി മൂക്കൻ എന്നിവർ പ്രസംഗിച്ചു പുതുതായി അംഗത്വമെടുത്ത ഏതാനും പേർക്ക് പ്രസിഡണ്ട് സർട്ടിഫിക്കററുകൾ വിതരണം ചെയ്തു. നേരന്നെ ഫാ. അജിത് ചിറ്റിലപ്പിള്ളിയുടെ കാർമ്മികത്വത്തിൽ വി.കുർബാന ഉണ്ടായിരുന്നു. പരിപാടികൾക്ക് ജെയ്ക്കബ് ചെങ്ങലായ്, ടി.ഒ. വിൽസൻ, ജോമോൻ ചെറുശ്ശേരി എന്നിവർ നേതൃത്വം നല്കി സ്നേഹസൽക്കാരവുമുണ്ടായിരുന്നു .

ശ്രീരാഘവപുരം സഭായോഗം 1231-ാമത് വാർഷികസഭ - മഹാവേദഭജനം-രണ്ടാം ദിനം

തൃശൂർ: രാവിലെ 5:30 നു ബ്രഹ്മശ്രീ ഇളയിടത്ത് പേർക്കുളം ഈശ്വരൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ ഗണപതി ഹോമത്തോട് കൂടെ ചടങ്ങുകൾക്ക് തുടക്കമായി. മുറജപ വേദിയിൽ ബ്രഹ്മശ്രീ. എഗ്ഡ നീലമന കൃഷ്ണൻ നമ്പൂതിരി വിളക്ക് കൊളുത്തി. ബ്രഹ്മശ്രീ. വാച്ചവാധ്യാൻ മാധവൻ നമ്പൂതിരി, ബ്രഹ്മശ്രീ. കുന്നം ജയകൃഷ്ണൻ നമ്പൂതിരി എന്നിവർ .അശ്വമേധ നമസ്കാരം ചെയ്തു. തുടർന്ന് ഋഗ്വേദ, യജുർവേദ, സാമവേദ മുറജപം ആരംഭിച്ചു.

രാവിലെ 10:30 ന് സഭായോഗം പ്രസിഡന്റ് ഡോ. ടി. സി. ഗോവിന്ദൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചരിത്രപ്രസിദ്ധമായ ശ്രീരാഘവപുരം വാർഷികസഭയിൽ ഹസ്താമലകാചാര്യ പരമ്പര എടനീർ മഠം മൂപ്പിൽ സ്വാമിയാർ ശ്രീമദ് സച്ചിദാനന്ദ ഭാരതി സ്വാമിതൃപ്പാദങ്ങൾ അനുഗ്രഹഭാഷണം നടത്തി.

പ്രസ്തുത ചടങ്ങിൽ ശ്രീ രാഘവപുരം സഭായോഗത്തിന്റെ പരമോന്നത ബഹുമതിയായ ശ്രോത്രിയരത്നം വൈദിക പുരസ്കാരത്തിന്റെ സമർപ്പണം നടന്നു. വേദസംരക്ഷണത്തിനായി ജീവിതം സമർപ്പിക്കുന്ന വേദപണ്ഡിതർക്കാണ് ശ്രോത്രിയരത്നം പുരസ്കാരം. ചിറക്കൽ കോവിലകം രാമവർമ്മ വലിയ രാജ ഇത്തവണത്തെ പുരസ്കാര ജേതാവ് വേദജ്ഞൻ ബ്രഹ്മശ്രീ ആമല്ലൂർ നാരായണൻ നമ്പൂതിരിക്ക് പുരസ്കാരം സമർപ്പിച്ചു.

തുടർന്ന് തോടകാചാര്യ പരമ്പര മൂപ്പിൽ സ്വാമിയാർ ശ്രീമദ് നാരായണ ബ്രഹ്മാനന്ദ തീർത്ഥ സ്വാമി തൃപ്പാദങ്ങൾ, മുൻ ബദരീനാഥ് റാവൽജി ബ്രഹ്മശ്രീ വടക്കേ ചന്ദ്രമന ഈശ്വരപ്രസാദ് നമ്പൂതിരിയെ ആദരിച്ചു.

സഭായോഗം സംഗീതസഭ എക്സിക്യൂട്ടീവ് അംഗമായ ശ്രീ അജിത് സമ്പൂതിരിയെ ആദരിച്ചു. സ്വാതി തിരുനാൾ കൃതികളുടെ ഗവേഷണത്തിനും സ്വാതി കൃതികളുടെ ഗ്രന്ഥ രചനയ്ക്കുമായി ചെയ്ത സംഭാവനക്കുമോണ് ഇദ്ദേഹത്തെ ആചരിച്ചത്.

വാർഷിക റിപ്പോർട്ട് അവതരണവും സഭായോഗം ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞയും ഈ സമ്മേളനത്തിൽ നടന്നു. സഭായോഗം ഔഷധമിത്ര ഫാർമാർ പ്രൊഡ്യൂസർ കമ്പനി പ്രൊഡക്റ്റുകളുടെ വിപണനോദ്ഘാടനം സഭായോഗം പ്രസിഡന്റ് നിർവഹിച്ചു. ഉച്ചക്ക് ശേഷം അതിയടം കൃഷ്ണകൃപാ നാരായണീയ സമിതി അവതരിപ്പിച്ച നാരായണീയ പാരായണം നടന്നു. സന്ധ്യക്ക് ബ്രഹ്മശ്രീ പുടയൂർ ജയനാരായണൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ ഭഗവതി സേവ. തുടർന്ന് പതിവ് മുറജപം, ദീപാരാധന, നിറമാല, ഋഗ്വേദ വാരം എന്നിവ നടന്നു. രാത്രി 7:30 നു ശ്രീരാഘവപുരം സംഗീതസഭ അവതരിപ്പിച്ച സംഗീതക്കച്ചേരി വേദിയെ ഭക്തിസാന്ദ്രമാക്കി.

അവിട്ടത്തൂരിൽ വൈദ്യുതി ലൈൻ പൊട്ടിവീണു; 8 വീടുകളിലെ ഇലക്ട്രിക് ഉപകരണങ്ങൾ കത്തിനശിച്ചു

ഇരിങ്ങാലക്കുട: വൈദ്യുതി കമ്പി പൊട്ടിവീണതോടെ എട്ടു വീടുകളിലെ ഇലക്ട്രിക് ഉപകരണങ്ങൾ കത്തിനശിച്ചു. അവിട്ടത്തൂർ മാവിൻ ചുവടിനു സമീപമുള്ള എട്ടു വീടുകളിലെ ഉപകരണങ്ങളാണ് കത്തി നശിച്ചത്. ഞായറാഴ്ച ഉച്ചക്ക് 12 മണിക്കാണ് സംഭവം. പുത്തൻ പീടിക വീട്ടിൽ സേവ്യറിന്റെ വീട്ടിലാണ് കാര്യമായ നാശനഷ്ടങ്ങൾ സംഭവിച്ചത്. എസി പൊട്ടിത്തെറിക്കുകയും വീടിനുള്ളിലെ കമ്പ്യൂട്ടറും കട്ടിലും ക്യാമറയും കത്തിനശിക്കുകയും ചുമരുകൾക്ക് വിള്ളൽ സംഭവിക്കുകയും ചെയ്തു. ആദ്യം ബൾബ് ഉരുകിവീഴുന്നത് കണ്ട് വീടിനുള്ളിലുണ്ടായിരുന്നവർ പുറത്തേക്കിറങ്ങി നോക്കിയപ്പോഴാണ് വീടിനു മുകളിൽ നിന്ന് പുക ഉയരുന്നതായി കണ്ടത്. ഉടൻ തന്നെ ഇരിങ്ങാലക്കുടയിൽ നിന്നും ഫയർഫോഴ്സ് സംഘം എത്തി തീയണക്കുകയായിരുന്നു. ഈ സമയം സേവ്യറിന്റെ ഭാര്യ ജ്യോതി, മക്കളായ വിൽമ, റൈസ എന്നിവർ വീട്ടിലുണ്ടായിരുന്നു.ആർക്കും പരിക്കുകളില്ല.രണ്ടു ലക്ഷം രൂപയുടെ നഷ്ടമാണ് സേവ്യറിന് സംഭവിച്ചിട്ടുള്ളത്. നങ്ങിണി ജോർജിന്റെ വീട്ടിലെ വാഷിംഗ് മെഷീൻ മോട്ടോർ എന്നിവ കത്തി നശിച്ചു. ജോസ് പെരേപ്പാടന്റെ വാഷിംഗ് മെഷീൻ, വിൻസന്റ് കോനിക്കരയുടെ ടിവി, ഇഗ്നേഷ്യസ് പെരേപ്പാടന്റെ മോട്ടോർ, സജി പെരേപ്പാടന്റെ സ്പീക്കർ, രാജപ്പൻ തെക്കാനത്തിന്റെ മോട്ടോർ, നയന ഷിജുവിന്റെ മോട്ടോർ എന്നിവയും കത്തി നശിച്ചിട്ടുണ്ട്. വൈദ്യുതിയുടെ അമിത പ്രവാഹമാണ് തീപിടുത്തത്തിനും വീടുകളിലെ ഉപകരണങ്ങൾ കത്തിനശിക്കുന്നതിനും കാരണം. ഈ പ്രദേശത്തെ ന്യൂട്രൽ ലൈൻ കമ്പി പൊട്ടിവീണതോടെ വീടുകളിലേക്കുള്ള കണക്ഷനിൽ വൈദ്യുതി അമിതമായി പ്രവഹിക്കുകയായിരുന്നു. ഇരിങ്ങാലക്കുട ഗാന്ധിഗ്രാം നമ്പർ രണ്ടിലെ എക്സിക്യൂട്ടീവ് എൻജിനീയർ ഷാജുവിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി പരിശോധനകൾ നടത്തി വൈദ്യുതി ബന്ധം പുനസ്ഥാപിച്ചു.

ആർത്താറ്റ് കൊലപാതകം; പ്രതിയെ പോലീസ് അതി സാഹസികമായി പിടികൂടി

കുന്നംകുളം : ആർത്താറ്റ് കൊലപാതകം; പ്രതിയെ പോലീസ് അതി സാഹസികമായി പിടികൂടി. ആനായ്ക്കലിൽ നിന്നാണ് പിടികൂടിയത്. മുതുവറ സ്വദേശിയാണ് പ്രതി.മോഷണത്തിനിടെയാണ് കൊലപാതകമെന്ന് പോലീസ് സ്ഥിരീകരിച്ചു. കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

സ്നേഹത്തിന്റെ മഹാസംഗമമായി സാമൂഹിക സമ്മേളനം സ്നേഹസംഗമമായി സൂര്യഭാരതി ഫൗണ്ടേഷൻ 30-ാം വാർഷികം

തൃശൂർ: സൂര്യഭാരതി ഫൗണ്ടേഷന്റെ മുപ്പതാം വാർഷികം വിവിധ പരിപാടികളോടെ ആഘോഷിച്ചു. കോളങ്ങാട്ടുകര വിവേകാനന്ദപുരിയിൽ നടന്ന സാമൂഹിക സമ്മേളനത്തിൽ വിദ്യാർഥികൾക്കുള്ള വിദ്യഭ്യാസ ധനസഹായവും വാർധക്യപെൻഷൻ, ചികിൽസാ സഹായ വിതരണം എന്നിവ നടന്നു. പത്താംതരത്തിലും പ്ലസ് ടുവിനും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. കലാസാഹിത്യമേഖലയിലെ വിശിഷ്ട വ്യക്തികളെ സമ്മേളനത്തിന് ആദരിച്ചു.

1993ൽ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്ത് ആരംഭിച്ച സൂര്യഭാരതി ഇന്ന് വലിയ മുന്നേറ്റം കൈവരിച്ചുവെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച സൂര്യഭാരതി ചെയർമാൻ കെ.പി മനോജ്കുമാർ പറഞ്ഞു. തൃശൂർ ജില്ലയിൽ ഒരു ആദിവാസി ഗ്രാമം ദത്തെടുത്ത് അവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കുമെന്നും അദ്ദേഹം അറിയിച്ചു. സംഘടനയുടെ ഭാഗമായി 25 ഓളം മേഖലകളിലായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലായി രണ്ടായിരത്തിലധികം ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നും അയൽ സംസ്ഥാനങ്ങളിലേക്ക് കൂടുതൽ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് 10,000 പേർക്ക് തൊഴിൽ നൽകുകയെന്നതാണ് ലക്ഷ്യമെന്നും മനോജ് കുമാർ പറഞ്ഞു. നടനും കേരള ചലച്ചിത്ര അക്കാദമി ചെയർമാനുമായ പ്രേംകുമാർ, നടൻ കൊല്ലം തുളസി, സംവിധായകൻ അമ്പിളി, നടന്മാരായ ടിനി ടോം, സാജു നവോദയ, ബി.ജെ.പി സംസ്ഥാന സെക്രട്ടറി എ.നാഗേഷ്, സി.ഐ ടി.ഡി സുനിൽകുമാർ, ഫാ. ലാസർ താണിക്കൽ, അവണൂർ പഞ്ചായത്ത് പ്രസിഡണ്ട് തങ്കമണി ശങ്കുണ്ണി, കോലഴി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വികാസ് രാജ്, പ്രതിപക്ഷ നേതാവ് പി.എ ലോനപ്പൻ, അവണൂർ പഞ്ചായത്ത് അംഗങ്ങളായ ജിഷാ സുബീഷ്, നിമ രാജീവ്, കോലഴി പഞ്ചായത്ത് മെമ്പർ മാർട്ടിൻ ചേർപ്പുകാരൻ, ഡി.സി.സി മെമ്പർ എൻ.എഫ് ബാബു, അവണൂർ പഞ്ചായത്ത് ബി.ജെ.പി ജനറൽ സെക്രട്ടറി എ.കെ അരുൺകുമാർ തുടങ്ങി നിരവധി പേർ പങ്കെടുത്തു. എൻ.ഐ. ടി.സി, എം. എഫ്.ടി.സി, സൂര്യഭാരതി ഫൗണ്ടേഷൻ അംഗങ്ങളും സമ്മേളനത്തിന്റെ ഭാഗമായി. വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ നിരവധി പേരെ സമ്മേളനത്തിൽ ആദരിച്ചു. സംഗീത അഷ്ടപതി ആലപിച്ചു. സൂര്യഭാരതി ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി പുഷ്പാംഗദൻ കളരിക്കൽ സ്വാഗതം പറഞ്ഞു

അപേക്ഷ ക്ഷണിച്ചു

തൃശൂർ: യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അസാപ് കേരള നടത്തുന്ന പ്രൊഫഷണൽ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. സൈബർ സെക്യൂരിറ്റി, ഡിജിറ്റൽ മാർക്കറ്റിംഗ്, പൈതൺ ഫോർ ഡാറ്റ മാനേജ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ആൻഡ് മെഷീൻ ലേർണിംഗ്, ആയുർവേദ തെറാപ്പി എന്നീ കോഴ്സുകൾ ജനുവരിയിൽ ആരംഭിക്കും. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് അസാപ് കേരളയുടെ പ്ലേസ്മെന്റ് സഹായവും ലഭിക്കും. അപേക്ഷ https://bit.ly/asapzoned എന്ന ഓൺലൈൻ ലിങ്കിലൂടെ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 9947797719, 73068 63566.

ദർഘാസ് ക്ഷണിച്ചു

ഇരിങ്ങാലക്കുട: നഗരസഭയുടെ പദ്ധതി പ്രകാരം ഇരിങ്ങാലക്കുട ഗവൺമെന്റ് മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന് ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ ജനുവരി 3 ന് ഉച്ചയ്ക്ക് 2 ന് മുമ്പായി ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0480-2833373 എന്ന നമ്പറിൽ ബന്ധപ്പെടുക.

മൊബൈൽ ടവർ വിരുദ്ധ മാരത്തോൺ സമരശൃംഖല ആരംഭിച്ചു

ഒളരി: മൊബൈൽ ടവർ വിരുദ്ധ മാരത്തോൺ സമരശൃംഖല ആരംഭിച്ചു. ഇന്ന് രാവിലെ 8 മണിക്കാണ് സമരമാരംഭിച്ചത്. പ്രസാദ് തിലകൻ ആമുഖ പ്രഭാഷണം നടത്തി. ആക്ഷൻ കൗൺസിൽ ചെയർമാൻ സി എ ജ